## ദൈവസ്നേഹത്തിന്റെ പ്രവാചകശബ്ദം

**സാബു ജോസ് എറണാകുളം**

സാധു ഇട്ടിയവിരാ സാറിന്റെ മഹനീയ ജീവിതം ഒരു നൂറ്റാണ്ട് പിന്നിടുന്നുവെന്നറിയുന്നതിൽ ഏറെ സന്തോഷവും അഭിമാനവും ഉണ്ട്.

വളരെ ചെറുപ്പം മുതൽ സാധു സാറിനെക്കുറിച്ച് കേൾക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിലും, ജോലിയുമായി ബന്ധപ്പെട്ട് കൊച്ചിയിൽ വന്നതിനുശേഷമാണ് നേരിട്ടു കാണുവാൻ സാധിച്ചത്. മലബാറിൽ ജനിച്ചുവളർന്ന എനിക്ക് അദ്ദേഹത്തെ കാണുവാൻ ഏറെ ആഗ്രഹം ഉണ്ടായിരുന്നു.

മാധ്യമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒരിക്കൽ നേരിൽ കണ്ടശേഷം, ഒരിക്കലും മറക്കാൻ കഴിയാത്ത സ്നേഹസൗഹൃദത്തിലാകുവാൻ കഴിഞ്ഞു. നിരവധി വ്യക്തികൾ എന്റെ വീട്ടിൽ വന്ന് പ്രാർത്ഥിച്ചിട്ടുണ്ടെങ്കിലും എന്റെ ഭാര്യ എൽസിയും മക്കളും മറക്കാത്ത വ്യക്തി സാധുസാർ ആണ്.

വീട്ടിൽ വരുമ്പോൾ അദ്ദേഹം വീട്ടിൽ നിന്നു പേരക്കയോ, മാങ്ങയോ, ചിലപ്പോൾ ഏതാനും പൂക്കളുമായിട്ടോ ആയിരിക്കും വരിക. പുഞ്ചിരിയോടെയുള്ള സംഭാഷണം ഹൃദയത്തിൽ തങ്ങിനിൽക്കും.

'ഈശോയെ' എന്നു പറഞ്ഞുകൊണ്ടുള്ള പ്രാർത്ഥനയിൽ ഒരു കൊച്ചുകുഞ്ഞ്, അമ്മയോട് തന്റെ ആവശ്യങ്ങൾ പറയുന്ന വിധത്തിൽ അദ്ദേഹം ഞങ്ങളെ സമർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ, അതെല്ലാം ഈശോ സ്വീകരിച്ചുവെന്നും അനുഗ്രഹങ്ങൾ വർഷിച്ചുവെന്നും ഞങ്ങൾക്കു തോന്നാറുണ്ട്.

വീട്ടിൽ വന്നിട്ട് നാലു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അദ്ദേഹം വരാത്തതിന്റെ, 'മോനെ,' 'മോളെ' എന്ന് ഓരോരുത്തരെയും വിളിക്കുന്നത് കേൾക്കാത്തതിന്റെ വിഷമം വലുതാണ്. വ്യക്തിപരമായി അദ്ദേഹത്തെ ഏറെ ഇഷ്ടപ്പെടുവാനുള്ള കാരണം എന്തെന്ന് ചിന്തിക്കുമ്പോൾ ഒരു കാരണമേയുള്ളൂ – "സ്നേഹത്തിന്റെയും കരുതലിന്റെയും" ആൾരൂപമാണദ്ദേഹം.

140ൽ അധികം പുസ്തകം എഴുതിയതുകൊണ്ടോ, അദ്ദേഹത്തിന്റെ അപാരമായ അറിവുകളോ അല്ല അദ്ദേഹത്തെ നമ്മിലേക്ക് അടുപ്പിക്കുന്നത്. നിരവധി തവണ അദ്ദേഹം എന്റെ വീട്ടിൽ വന്നിട്ടുണ്ട്, ഞാൻ അദ്ദേഹത്തിന്റെ വീട്ടിലും പോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മകൻ ശ്രീ ജിജോയുമായും നല്ല അടുപ്പമാണ്. കൊച്ചിയിൽ വരുമ്പോൾ തലേദിവസം വിളിച്ചുപറയും. രാവിലെ ഞാൻ പാലാരിവട്ടം ബസ് സ്റ്റോപ്പിൽപോയി സ്വീകരിക്കും. ബ്രദർ മാവുരൂസ് മാളിയേക്കൽ, ഫാ എബ്രാഹം അടപ്പൂർ, പരേതനായ പ്രൊഫ പി. ടി. ചാക്കോ തുടങ്ങിയ വ്യക്തികളുടെ വീട്ടിലും പി ഒ സി, ബിഷപ്പ് ഹൗസുകൾ എന്നീ സ്ഥലങ്ങളിലും എന്റെ ടൂവീലറിന്റെ പിറകിലിരുന്ന് അദ്ദേഹം യാത്ര ചെയ്തിട്ടുണ്ട്.

രണ്ടാഴ്ചയാകുമ്പോൾ ലഭിക്കുന്ന പോസ്റ്റുകാർഡുകളും ഇപ്പോൾ ലഭിക്കാറില്ല. 'ഹലോ' എന്നു പറഞ്ഞുള്ള ഫോൺ വിളികളും ഇപ്പോഴില്ല. എന്നാൽ വീട്ടിലെ രൂപത്തിനു മുമ്പിൽ പ്രാർത്ഥിക്കുമ്പോൾ സാധു ഇട്ടിയവിരാ സാറിനെ പലപ്പോഴും ഓർമ്മിക്കാറുണ്ട്. കാരണം, കൂടെ നിന്ന് കണ്ണടച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥത നിറഞ്ഞ പ്രാർത്ഥന ഓർത്തുപോകുന്നതുകൊണ്ടാണത്.

അദ്ദേഹത്തിന്റെ എഴുത്തുകൾ, ലേഖനങ്ങൾ, പുസ്തകങ്ങൾ വായിക്കുമ്പോൾ നമുക്ക് ആശയം വേഗത്തിൽ മനസ്സിൽ പതിയുന്നു. വളച്ചുകെട്ടില്ലാതെ അദ്ദേഹം കാര്യങ്ങൾ അവതരിപ്പിക്കുന്നു. നമുക്ക് അറിയാവുന്ന വിധത്തിൽ, കൊച്ചുകൊച്ചു ഉദാഹരണങ്ങൾ സഹിതം. 'ശരിയാണല്ലോ' എന്നു നമുക്കു തോന്നുന്നവിധം അദ്ദേഹം ആശയങ്ങൾ അവതരിപ്പിക്കുന്നു.

Love & Care- അദ്ദേഹത്തിന്റെ ജീവിതത്തെ വിശേഷിപ്പിക്കുവാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നു. അദ്ദേഹത്തിന്റെ ജീവിതലക്ഷ്യവും ജീവിതശൈലിയും വിലയിരുത്തുമ്പോൾ, രചനകൾ വായിക്കുമ്പോൾ നല്ലൊരു മനുഷ്യസ്നേഹിയെ നമുക്ക് കാണുവാൻ കഴിയുന്നു. സ്നേഹവും കരുതലും തികഞ്ഞ ദൈവാശ്രയത്തോടെ നൽകുവാനും സ്വീകരിക്കുവാനും അദ്ദേഹം ശ്രദ്ധിക്കുന്നു.

കരിസ്മാറ്റിക് ധ്യാനങ്ങളും ധ്യാനകേന്ദ്രങ്ങളും കേരളത്തിൽ

സജീവമാകുന്നതിന് മുമ്പ്, ഉടുപ്പിൽ എഴുതിവച്ചും പ്രഭാഷണത്തിൽ വ്യക്തമാക്കിയും അദ്ദേഹം ദൈവസ്നേഹത്തെക്കുറിച്ച് അറിയിച്ചു. ഉന്നതവിദ്യാഭ്യാസമുള്ള അദ്ദേഹം ഉത്തമബോദ്ധ്യത്തോടെ നാടുകൾ ചുറ്റിസഞ്ചരിച്ചു.

പാലായിലെ ആശ്രമത്തിൽ ഒരു രാത്രിയിൽ എത്തിച്ചേർന്ന അദ്ദേഹത്തെ സ്വീകരിച്ച് കിടക്കാൻ ഇടം നല്കിയതിനെക്കുറിച്ച് ബ്രദർ മാവൂരുസ് പറഞ്ഞത് ഓർക്കുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണം കേട്ടവരിൽ പിന്നീട് മെത്രാന്മാരും വൈദികരും സന്യാസിനികളും ഉണ്ട്. അദ്ദേഹത്തെപ്പോലെയൊരാൾ ഈ കാലഘട്ടത്തിലും 'ദൈവം സ്നേഹിക്കുന്നു, നിന്നെക്കുറിച്ച് ദൈവത്തിന് മനോഹരമായ പദ്ധതിയുണ്ടെന്ന്" ഉറക്കെ പറഞ്ഞുകൊണ്ട് നമുക്കിടയിൽ നടന്നുനീങ്ങിയെങ്കിൽ എന്ന് ആഗ്രഹിക്കുന്നുണ്ട്.

രാജ്യസ്നേഹത്തിന്റെ ഫലമായി പട്ടാളത്തിൽ ഹവിൽദാറായി സേവനം, സഭാസ്നേഹത്തിന്റെ ഭാഗമായി സമർപ്പിതജീവിതപരിശീലനം, ഒടുവിൽ കുടുംബജീവിതം. എല്ലായിടത്തും നീതിയോടെ ജീവിച്ചു.

പ്രകൃതിയെ സ്നേഹിക്കുന്ന ഈ കർഷകൻ പത്ത് ഏക്കർ സ്ഥലത്ത് നന്നായി കൃഷിചെയ്യുന്നു. ആത്മീയകാര്യങ്ങൾ പ്രകൃതിസ്നേഹത്തോടെയും മാതൃസ്നേഹത്തോടെയും അദ്ദേഹം അവതരിപ്പിക്കുന്നു.

നമുക്കിടയിൽ ദൈവസ്നേഹത്തിന്റെ ഒരു പ്രവാചകൻ, വിശുദ്ധിയോടെ ജീവിക്കുന്നു. തിരുപ്പട്ടം ആഗ്രഹിച്ച വ്യക്തി തിരുവിവാഹത്തിലൂടെ വിശുദ്ധ കുടുംബജീവിതം നയിക്കുന്നു.

വിശുദ്ധ ചിന്തകളും മാതൃകാജീവിതം നയിക്കുന്ന പ്രിയപ്പെട്ട സാധു ഇട്ടിയവിരാസാർ നമുക്ക് പ്രചോദനം നല്കുന്നു.

കാരുണ്യവർഷത്തിൽ കെ സി ബി സി പ്രൊലൈഫ് സമിതി നടത്തിയ 'കാരുണ്യകേരള സന്ദേശ യാത്രയിൽ' ഒരു ദിവസം അദ്ദേഹം ഞങ്ങളോടൊപ്പം യാത്ര ചെയ്തിരുന്നു. പ്രൊലൈഫിന്റെ നീല കോട്ടിട്ട് അദ്ദേഹം വന്നപ്പോൾ കേൾക്കുവാൻ അനേകർ ഉണ്ടായിരുന്നു.

ദൈവകൃപകൾ ഏറെ ലഭിച്ച്, അനുഗ്രഹമായി ജീവിക്കുന്ന

അദ്ദേഹത്തിന് ആശംസകൾ അർപ്പിക്കുന്നു.

*(ലേഖകൻ - പ്രൊലൈഫ് അപ്പസ്തോലേറ്റിന്റെ എക്സിക്യൂട്ടിവ് സെക്രട്ടറിയും കെ സി ബി സി പ്രൊലൈഫ് സമിതി ആനിമേറ്ററുമാണ്. മാധ്യമരംഗത്ത് സജീവമാണ്.)*